**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 467** **08-06-2021 - ൽ മറുപടിയ്ക്ക്**

**മറയൂർ 66 കെ.വി. സബ് സ്റ്റേഷൻ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മറയൂർ 66 കെ.വി. സബ് സ്റ്റേഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ മറയൂർ കേന്ദ്രമായി 33 കെ.വി സബ്സ്റ്റേഷൻ ആണ് നിർമ്മിക്കുന്നത്. 1. പ്രസ്തുത സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ 95% പൂർത്തിയായിട്ടുണ്ട്. 2. മൂന്നാർ മുതൽ മറയൂർ വരെയുള്ള 33 കെ.വി ലൈനിന്റെ (48km) നിർമ്മാണം പൂർത്തീകരിച്ചു. 3. പള്ളിവാസൽ 66 കെ.വി സബ്സ്റ്റേഷനിൽ രണ്ട് 20 MVA 66/33 KV ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലികളും അവിടെ രണ്ട് 66 കെ.വി ഫീഡർ ബേ നിർമ്മിക്കുന്ന ജോലികളും 70% പൂർത്തീകരിച്ചിട്ടുണ്ട്. 4. പള്ളിവാസൽ മുതൽ മൂന്നാർ വരെയുള്ള 7 km ഡബിൾ സർക്യൂട്ട് ലൈനിന്റെ പ്രവർത്തികൾ 80% പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | 66/33 KV ട്രാൻസ്ഫോർമറും 33 കെ.വി വാകം സർക്യൂട്ട് ബ്രേക്കറും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വികരിച്ചിട്ടുണ്ട്. മറ്റുള്ള എല്ലാ മെറ്റീരിയൽസും ലഭ്യമാക്കിയിട്ടുണ്ട്. 30.06.2021 – ഓടു കൂടി മറയൂർ 33 കെ.വി സബ്സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ